## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *336

21.06.2019 ൽ മറുപടിക്ക്

## ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും. വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്തെ ഖാദി മേഖല നേരിടുന്ന പ്രതിസന്ധികൾ വിശദമായി പരിശോധിച്ചിട്ടുണ്ട്. പരമ്പരാഗതമായ രീതിയിൽ കൈകൊണ്ട് ചർക്കയിൽ നൂൽനൂറ്റ കൈത്തറിയിൽ നെയ്തെടുക്കുന്ന വസ്ത്രമാണ് ഖാദി വസ്ത്രം. നിലവിൽ ഖാദി ക്ഷേമ നിധി ബോർഡിലെ അംഗത്വ പ്രകാരം പതിമൂന്നായിരത്തി അഞ്ഞൂറോളം തൊഴിലാളികൾ ഖാദി മേഖലയിൽ ജോലി ചെയ്തുവരുന്നു. ഖാദിയുടെ തനിമ നിലനിർത്തികൊണ്ട് ഉൽപ്പാദനം നടത്തേണ്ടതുകൊണ്ട് വൈദ്യുതിയോ യന്ത്രങ്ങളോ ഉപയോഗിച്ച് മറ്റ ഉൽപ്പാദന മേഖലകളിൽ എന്നപോലെ ഉൽപ്പാദനം അനുവദനീയമല്ല. അതുകൊണ്ട് തന്നെ ആധുനികവൽക്കരണം ഈ മേഖലയിൽ പരിമിതമായതോതിൽ മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. കൂടാതെ കുറഞ്ഞ അളവിലുള്ള ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വേതനം തൊഴിലാളികൾക്ക് നൽകുവാനോ സാധ്യമാകുന്നതല്ല. ഖാദിയുടെ പേരിൽ യന്ത്രവത്കൃത ഖാദി ഉൽപ്പന്നങ്ങൾ വളരെ കുറഞ്ഞ വിലയിൽ മാർക്കെറ്റിൽ സുലഭവുമാണ്.<br>ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന |

പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്.

ഖാദി മേഖലയിൽ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്റ്റിന്റെ വിപുലീകരണവും നവീകരണവും പദ്ധതി, പ്രചാരണവും പരിശീലനവും, വില്പന കേന്ദ്രങ്ങൾ നവീകരിക്കാനുള്ള പദ്ധതികൾ, പ്രത്യേകതൊഴിൽ ദാനപദ്ധതികൾ, നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന ഇൻസെന്റീവ്; പ്രാദേശിക. സർക്കാർ സഹായത്തോടെ ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ, ഗ്രാമ വ്യവസായങ്ങളുടെ ശക്തിപ്പെടുത്തൽ, തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഈ സർക്കാരിന്റെ കാലത്ത് പുതിയതായി 26 ഖാദി ഉല്പാദന കേന്ദ്രങ്ങളും 4 നൂൽ നൂല്പ കേന്ദ്രങ്ങളും 3 റെഡി മെയിഡ് പാവുൽപ്പാദന യൂണിറ്റുകളും ആരംഭിച്ചു. ഖാദി മേഖലയിൽ പുതുതായി 3384 തൊഴിലവസരങ്ങൾ ലഭ്യമാക്കി. ഈ സർക്കാർ 2016-17 മുതൽ ഇതേവരെയായി ഇൻകം സപ്പോർട്ട് ഇനത്തിൽ 82.94 കോടി രൂപയും, പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉത്സവ ബത്ത ഉൾപ്പെടെ ഉള്ള ഇനത്തിൽ 18 കോടി രൂപയും തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2019 ജനുവരി മാസം വരെയുള്ള മിനിമംവേതനം നിലവിലുള്ള നിരക്കിൽ തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു ഖാദി, തൊഴിലാളികൾക്ക് 900 രൂപ ഉത്സവബത്ത 1500 രൂപയായും വർധിപ്പിച്ചു നൽകി. ഉൽപ്പാദന ഇൻസെന്റീവ് 100 % വർധിപ്പിച്ചു, നൂലിന് 60 പൈസയും നെയ്ത്തിനു നൂൽ ഒരു കഴിക്കു 1 രൂപ 80 പൈസയും നൽകി. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ മിനിമം വേതനം 2010 നു ശേഷം ഈ സർക്കാർ പരിഷ്കരിച്ചു

പ്രഖ്യാപിച്ചിരിക്കുകയാണ്. പരിഷ്കരിച്ച മിനിമം വേതനം തൊഴിലാളികൾക്ക് നൽകുന്നതിന് ഖാദി ബോർഡുമായും ഇതര ഖാദി സ്ഥാപനങ്ങളുമായും സർക്കാർ ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. ഏറ്റുകുട്ടുക്ക സ്പൈസവർ പ്രൊജക്റ്റ് വിപുലീകരണത്തിന്റെ ഭാഗമായി കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റിൽ പുതിയ കാർഡിംഗ് മെഷീനും ഡ്രോയിംഗ് മെഷീനും സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിച്ചു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ പുതിയ ഖാദി ഉൽപ്പാദന യൂണിറ്റുകൾ, പുതിയ റെഡി മെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയും, തൊഴിലാളികൾക്ക് ആവശ്യമായ ചർക്കകളും തറികളും വിതരണം ചെയ്തു വരികയാണ്. തൊഴിലാളികളുടെ ഉത്സവബത്ത തൊള്ളായിരത്തിൽ നിന്നും ആയിരത്തഞ്ഞൂറായി ഈ സർക്കാർ വർധിപ്പിച്ചു നൽകി. എല്ലാ തൊഴിലാളികളെയും ഈ.എസ് .ഐ പരിധിയിൽ കൊണ്ടുവന്നു. സംസ്ഥാനത്ത് ഖാദി സിൽക്ക് നെയ്ത്ത് പരിപോഷിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി എന്റെ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു.

ഖാദി മേഖലയിൽ വിപണനം വർദ്ധിപ്പിക്കുന്നതിനു തമ്പാനൂർ KSRTC ബസ് ടെർമിനൽ, ചേർത്തല എന്നിവിടങ്ങളിൽ പുതിയ ഖാദി ഗ്രാമ സൗഭാഗ്യകൾ ആരംഭിച്ചു. പയ്യോളി, കുമ്പിടി, ഇരിക്കൂർ, ചേർക്കള, പേരാവൂർ എന്നിവിടങ്ങളിൽ പുതിയ ഖാദി സൗഭാഗ്യ ആരംഭിച്ചു. ഇടുക്കി ജില്ലയിലെ കട്ടപ്പന, തൊടുപുഴ ഖാദി ഗ്രാമ സൗഭാഗ്യകൾ നവീകരിച്ചു.

(ബി) ഖാദി വസ്ത്രങ്ങളുടെ വിറ്റുവരവിൽ 2018-ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് ഉണ്ടായതെന്ന് അറിയിക്കുമോ;

(ബി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ കഴിഞ്ഞ മൂന്ന് വർഷ വില്പനയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. 2016-17 ൽ 5246.78 ലക്ഷവും 2017-18 ൽ 5445.93 ലക്ഷവും 2018-19 ൽ 5292.05 ലക്ഷവും രൂപയുടെ വിൽപ്പന നടന്നിട്ടുണ്ട്. കേരളത്തിലുണ്ടായ പ്രളയ ദുരന്തത്തിന്റെ ഭാഗമായി ഖാദി വില്പനയിൽ നേരിയ കുറവ് (2.82%) ഉണ്ടായിട്ടുണ്ട്.

(സി) ഖാദി ഉൽപ്പന്നങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന ഡിമാന്റ് നിലവിൽ ഇല്ലാതായതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഖാദി തുണി ഉൽപ്പന്നങ്ങൾക്ക് മറ്റു ഉൽപ്പന്നങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിർമാണച്ചെലവ് കൂടുതലാണ്. അതിനാൽ വില്പന വിലയും കൂടുതലാണ്. മാത്രമല്ല ഖാദിയുടെ പേരിൽ യന്ത്രവത്കൃത ഖാദി തുണി ഉൽപ്പന്നങ്ങൾ വളരെ കുറഞ്ഞ വിലയിൽ മാർക്കെറ്റിൽ ലഭ്യമാകുന്നതും പ്രധാന കാരണങ്ങളാണ്.

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ടോ; ഉണ്ടെങ്കിൽ അത് കർശനമാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ ഉണ്ട്. പ്രത്യേക യൂണിഫോം ചില മേഖലകളിൽ കർശനമാക്കാൻ കഴിയുന്നതുപോലെ ഖാദി / കൈത്തറി തുണിധരിക്കൽ കർശനമാക്കാൻ കഴിയുന്നതല്ല.

(ഇ) സഖാവ് എന്ന പേരിൽ പുറത്തിറക്കിയ ചുവന്ന ഷർട്ടുകളുടെ വില്പന വിജയപ്രദമായിരുന്നോ; എത്ര ഷർട്ടുകളാണ് പുറത്തിറക്കിയതെന്നും അതിന്റെ വിൽപ്പന പുരോഗതി എപ്രകാരമാണെന്നും വിശദമാക്കാമോ?

(ഇ) വിജയപ്രദമാണ്.

വിവിധ ഡിസൈനുകളിൽ ഇറക്കിയ ഖാദി ഷർട്ടുകളുടെ വിൽപ്പന തുടരുകയാണ്. 3100 ഓളം ഷർട്ട് നിർമ്മിച്ചതിൽ ഏകദേശം 60 %ത്തോളം ഷർട്ടുകൾ വില്പന നടത്താൻ കഴിഞ്ഞിട്ടുണ്ട്

സെക്ഷൻ ഓഫീസർ